കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 10 | ലക്കം 20 | ജനവരി 31 2023

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

3 കൃഷിദർശൻ – മാധ്യമ പുരസ്കാരങ്ങൾ ആകാശവാണിക്കും മാതൃഭൂമിക്കും

4 2023 ഫെബ്രുവരി 19 മുതൽ 28 വരെ ആർ.എ.ആർ.എസ്, പിലിക്കോടിൽ നടക്കുന്ന 'സഫലം'

7 കാർഷിക വൈവിദ്ധ്യങ്ങളുടെ നേർക്കാഴ്ചയൊരുക്കി കൃഷിദർശൻ കാർഷിക പ്രദർശനം

## ആദിവാസി വിഭാഗങ്ങൾക്കുള്ള പാലുൽപ്പന്ന നിർമ്മാണ സംരംഭകത്വ വനിതാ സ്വയം സഹായ യൂണിറ്റ് 'സംശുദ്ധ' പ്രവർത്തനമാരംഭിച്ചു

വിവിധങ്ങളായ പാലുൽപ്പന്നങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യുന്നതിനായി ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. വാണിയംപാറ ക്ഷീരോത്പാദക സഹകരണ സംഘത്തിൽ കേന്ദ്ര കാർഷിക ഗവേഷണ കൗൺസിലിന്റെ കീഴിലുള്ള സി. സി. എ. ആർ. ഐയും കേരളം വെറ്ററിനറി സർവ്വകലാശാലയും സംയുക്തമായി സജ്ജമാക്കിയ പാലുൽപ്പന്ന നിർമ്മാണ യൂണിറ്റാണ് ആദിവാസി വനിതാ ഗ്രൂപ്പുകൾക്കായി സൗജന്യമായി കൈമാറിയത്. പാണഞ്ചേരി പഞ്ചായത്തിലെ വിവിധ ആദിവാസി ഊരുകളിൽപ്പെട്ട തൊഴിൽരഹിതരായ വനിതകളെ ഉൾപ്പെടുത്തി സംസ്ഥാന കുടുംബശ്രീ മിഷൻ സ്വയം സഹായ യൂണിറ്റുകൾ രൂപീകരിച്ച പാലുൽപ്പന്ന നിർമ്മാണ യൂണിറ്റ് വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുന്നതിനാണ് ഉപയോഗിക്കുക. ഗോവ ആസ്ഥാനമാക്കിയ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ കീഴിലുള്ള Central Coastal Agricultural Research Institute (CCARI) യുടെ സാമ്പത്തിക സഹായത്തോടെ കേരളം വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയിലെ വിദഗ്ദ്ധശാസ്ത്രജ്ഞരാണ് യൂണിറ്റ് തയ്യാറാക്കിയത്.





2022 ജനവരി 12ന് വാണിയംപാറ ക്ഷീരോത്പാദന സംഘം പരിസരത്തു വച്ച് നടന്ന ചടങ്ങിൽ "സംശുദ്ധ" എന്ന പേരിലുള്ള ആദിവാസിവിഭാഗ വനിതകളുടെ കൂട്ടായ്മ രൂപീകരിക്കുകയും തുടർന്ന് പദ്ധതി പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ. സോളമൻ രാജ്കുമാർ താക്കോൽ കൈമാറുകയും ചെയ്തു. ക്ഷീരസംഘം പ്രസിഡന്റ് ശ്രീ മാത്യു നൈനാൻ, വാർഡ് മെമ്പർ ശ്രീമതി. സുബൈദ അബൂബക്കർ KVASU DE പ്രൊഫസർ ഡോ. ടി. എസ്. രാജീവ്, ICAR CCARI ഗോവ സീനിയർ സയന്റിസ്റ്റ് ഡോ. ആർ. സോളമൻ രാജ്കുമാർ, ഡോ. സഞ്ജയ്കുമാർ ഉദരവാർ, ഡോ. ജസ്റ്റിൻ ഡേവിസ്,അസോസിയേറ്റ് പ്രൊഫസർ KVASU, ഡോ. രശ്മി രവീന്ദ്രനാഥ്, റിസർച്ച് അസിസ്റ്റന്റ് KVASU ശ്രീമതി ഉഷ മോഹനൻ, കുടുംബശ്രീ CDS ചെയർ പേഴ്സൺ, ശ്രീമതി ഷീജ വിജയൻ, വാർഡ് CDS മെമ്പർ, ശ്രീമതി. മേരി സണ്ണി കമ്മ്യൂണിറ്റി കൗൺസിലർമാർ എന്നിവർ പരിപാടിയിൽ സന്നിഹിതരായിരുന്നു. പയ്യനം, മണിയൻ കിണർ,താമരവെള്ളച്ചാൽ, പൂവൻചിറ, അടുക്കളപ്പാറ, ഒളകര ഊരുകളിൽ നിന്നും 36 പേരും പങ്കെടുത്തു.

ചീഫ് എഡിറ്റർ - പത്മം എസ്.
എഡിറ്റർ - ഡോ. ബിന്ദു ഹാരിയറ്റ് ഐവാൻ
അസോസിയേറ്റ് എഡിറ്റർ - ബി.കെ. അനിൽ
അസിസ്റ്റന്റ് എഡിറ്റർ - മുഹമ്മദ് റിയാസ്

# വനിത സംരംഭകത്വ പരിശീലനം സംഘടിപ്പിച്ചു

കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ 'ഒപ്പം'ആദിവാസി ഉപജീവന സഹായ പദ്ധതിയുടെ ഭാഗമായി വനിത സംരംഭകത്വ പരിശീലനം ചെമ്പട്ടി ഊരിൽ വെച്ച് നടത്തി. ചെമ്പട്ടി കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നടത്തിയ വട്ടക് (ആദിവാസി വിഭാഗങ്ങളിലെ തനത് ഭക്ഷ്യ ഉത്പന്നം) നിർമാണ പരിശീലന പരിപാടിയിൽ 20 ആളുകൾ പങ്കെടുത്തു. ആദിവാസി ഊരുകളിലെ സ്ത്രീകളുടെ സംരംഭകത്വ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായിട്ടാണ് കുടുംബശ്രീ ജില്ലാ മിഷനുമായി സംയോജിച്ച് പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്.




2023 ജനവരി 15 ന നടന്ന ചടങ്ങിന്റെ ഉത്ഘാടനം ശ്രീ. എൻ ഒ ദേവസി, സ്റ്റാൻഡിങ് കമ്മിറ്റി ചെർപേഴ്സൺ,വൈത്തിരി നിർവഹിച്ചു. ശ്രീമതി.സതി പ്രിയദർശിനി വട്ടക് നിർമാണത്തെക്കുറിച്ച ക്ലാസ് എടുത്തു. ശ്രീമതി.സുജിന വി.സ്, മെമ്പർ വൈത്തിരി പഞ്ചായത്ത് അധ്യക്ഷസ്ഥാനം വഹിച്ചു. ശ്രീമതി. ജിപ്സ ജഗദീഷ്, റിസർച്ച് അസിസ്റ്റന്റ് സ്വാഗതവും, ശ്രീമതി.വാസന്തി, കുടുംബശ്രീ RKIEDP നന്ദിയും പറഞ്ഞു.

# ജന്തുജന്യ രോഗങ്ങളെ നേരിടാൻ സംസ്ഥാനത്തെ സുസജ്ജമാക്കും : മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി

പക്ഷിപ്പനി, ആഫ്രിക്കൻ പന്നിപ്പനി തുടങ്ങി മനുഷ്യരിലേക്ക് പടർന്നേക്കാവുന്ന രോഗങ്ങളെ നേരിടാൻ സംസ്ഥാനത്തെ സജ്ജമാക്കുമെന്ന് ബഹു. മന്ത്രി ശ്രീമതി. ചിഞ്ചുറാണി പറഞ്ഞു. കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ ചർമ്മ മുഴ വാക്സിന്റെ സംസ്ഥാന തല വിതരണോദ്ഘാടനം നിർവ്വഹിച്ച സംസാരിക്കുകയായിരുന്നു മന്ത്രി. രോഗനിർണ്ണയം സൂക്ഷ്മമാക്കുവാനും അതപ്പോൾ തന്നെ പ്രഖ്യാപിക്കുവാനുള്ള ബി.എസ്.എൽ 3 അംഗീകാരത്തിലേക്ക് പാലോട് പ്രവർത്തിക്കുന്ന സംസ്ഥാന മൃഗ രോഗനിർണ്ണയ കേന്ദ്രത്തെ ഉയർത്തും. പേവിഷബാധയ്ക്കെതിരേയുള്ള വാക്സിനുകൾ സംസ്ഥാനത്ത് തന്നെ ഉല്പാദിപ്പിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. ഇതിനായി വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തും. കാലികളിൽ പടരുന്ന ചർമ്മ മുഴ നിയന്ത്രിക്കുവാൻ ഇന്നു മുതൽ ഒരു മാസക്കാലത്തേക്ക് സൗജന്യ പ്രതിരോധ



കുത്തിവയ്പ്പ് കാമ്പയിൻ ആരംഭിക്കും. ഇതിനായി സംസ്ഥാനത്ത് 10 ലക്ഷം ഡോസ് വാക്സിൻ സംഭരിച്ചിട്ടുണ്ട്. അടുത്തിടെ പന്നിപ്പനിയും പക്ഷിപ്പനിയും നിയന്ത്രിക്കുവാൻ വേണ്ടി കൊന്നൊടുക്കിയ പന്നികൾക്കും പക്ഷികൾക്കും പൂർണ്ണ നഷ്ടപരിഹാരം കർഷകർക്ക് നൽകിയതായി മന്ത്രി പറഞ്ഞു പക്ഷികൾക്കായി 4 കോടിയും പന്നികൾക്കായി 86 ലക്ഷം രൂപയും നൽകി കഴിഞ്ഞു നഗരത്തിലെ കർഷകർക്കായി നൽകുന്ന കോഴിയും കൂടും പദ്ധതിയുടെ ഉദ്ഘാടനവും മന്ത്രി നിർവ്വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. സാം കെ ഡാനിയൽ അധ്യക്ഷനായി വികസന സ്ഥിരം സമിതി അധ്യക്ഷ ശ്രീമതി. നജിബത്ത്, ജില്ലാ മൃഗ സംരക്ഷണ ഓഫീസർ ഡോ.കെ.അജിലാസ്റ്റ്, കൗൺസിലർ ബി.ഷൈലജ, പ്രോജക്ട് കോ ഓഡിനേറ്റർ ഡോ. സിന്ധു.എസ്, ഡോ.എസ്.പ്രിയ, ഡോ.ഡി. ഷൈൻ കുമാർ, ഡോ.ആർ. ഗീതാ റാണി, ശ്രീ. വി.സുകമാരൻ

നായർ എന്നിവർ സംസാരിച്ചു. കാലികളിലെ ചർമ്മ മുഴ കൊല്ലത്ത് ഇന്ന് മുതൽ പ്രതിരോധ കുത്തിവയ്പ്പ് കന്നുകാലികളിൽ വ്യാപകമായി പടരുന്ന ചർമ്മമുഴ രോഗത്തിനെതിരേ ഇന്നു മുതൽ പ്രതിരോധ കുത്തിവയ്പ്പ് ആരംഭിക്കും. മൃഗ സംരക്ഷണവകുപ്പിന്റെ നേതൃത്വത്തിൽ കർഷകരുടെ ഭവനങ്ങൾ സന്ദർശിച്ചാണ് കുത്തിവയ്പ്പ്. ഇതിനായി 120 സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. 1,10,537പശുക്കൾ കൊല്ലത്തുണ്ട്. കുത്തിവയ്പ്പിനായി 86,650 ഡോസ് വാക്സിൻ സംഭരിച്ചു കഴിഞ്ഞു. വൈറസ് രോഗമായതിനാൽ കനത്ത പാൽ നഷ്ടവും പ്രത്യുല്പാദന നഷ്ടവും വരുത്തുന്നതാണ്ചർമ്മമുഴ രോഗം പുതുതായി കൊല്ലത്തേക്ക് കൊണ്ടുവരുന്ന പശുക്കൾക്ക് ക്വാറന്റൈൻ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

# കേരളകർഷകൻ വരിക്കാരുടെ സംഗമവും കാർഷിക സെമിനാറും സംഘടിപ്പിച്ചു

ഫാം ഇൻഫർമേഷൻ ബ്യൂറോ കോഴിക്കോട് മേഖലാ ഓഫീസിന്റെയും നെന്മാറ കൃഷിഭവന്റെയും ആഭിമുഖ്യത്തിൽ കേരള കർഷകൻ മാസിക വരിക്കാരുടെ സംഗമവും കാർഷിക സെമിനാറും സംഘ ടിപ്പിച്ചു.

നെന്മാറ ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ചു നടന്ന പരിപാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ലീലമണി സി ഉദ്ഘാടനം ചെയ്തു. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങളും കേരള കർഷകൻ മാസിക ഉൾപ്പെടെയുള്ള വിവിധ പ്രസിദ്ധീകരണങ്ങളെയും കുറിച്ച് ഫാം ഇൻഫർമേഷൻ ബ്യൂറോ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. അമ്പിളി ആനന്ദ് വിശദീകരിച്ചു. യോഗത്തിൽ കേരള കർഷകൻ വരിക്കാരുടെ അഭിപ്രായങ്ങളും നിർദേശങ്ങളും ക്രോഡീകരിച്ചു.

നെന്മാറ ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ രാജൻ എ അധ്യക്ഷത വഹിച്ചു. നെന്മാറ കൃഷി ഓഫീസർ അജിത്ത് എം സ്വാഗതം പറഞ്ഞു. കൃഷിയിലെ കീടരോഗ നിയന്ത്രണം എന്ന വിഷയത്തെക്കുറിച്ച് കാർഷിക സർവകലാശാല അസിസ്റ്റന്റ് പ്രൊഫസർ ശ്രീ. എം.ടി രഞ്ജിത്ത് ക്ലാസ്സ് എടുത്തു. നെന്മാറ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. ഭാഗ്യലത വി കെ., നെന്മാറ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. കെ.വി. പ്രഭാകരൻ എന്നിവർ ആശംസകൾ അറിയിച്ചു. ഫാം ഇൻഫർമേഷൻ ബ്യൂറോ കൃഷി അസിസ്റ്റന്റ് ശ്രീ. ശശിധരൻ കെ മാവക്കാട് നന്ദി പറഞ്ഞു.

# കൃഷിദർശൻ – മാധ്യമ പുരസ്കാരങ്ങൾ ആകാശവാണിക്കും മാതൃഭൂമിക്കും

നെടുമങ്ങാട് കാർഷിക ബ്ലോക്കിൽ കൃഷി വകുപ്പ് മന്ത്രി നയിച്ച പ്രാദേശിക കാർഷിക വിലയിരുത്തൽ യജ്ഞം കൃഷിദർശൻറെ സമാപന സമ്മേളനത്തിൽ മാധ്യമ പുരസ്കാരങ്ങൾ നൽകി. മാതൃഭൂമി തിരുവനന്തപുരം ചീഫ് റിപ്പോർട്ടർ ശ്രീ. റ്റി. ജെ. ബേബിക്കുട്ടി (അച്ചടി), തിരുവനന്തപുരം ആകാശവാണി പ്രോഗ്രാം എക്സിക്യൂട്ടീവ് ശ്രീ. ജി. സന്തോഷ് കുമാർ (ശ്രവ്യം) എന്നിവർ പുരസ്കാരങ്ങൾ ബഹു. കൃഷി മന്ത്രി ശ്രീ. പി പ്രസാദിൽ നിന്നും സ്വീകരിച്ചു. തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ ഒരു വർഷത്തിൽ കാർഷിക- അനുബന്ധ മേഖലയിൽ മാധ്യമങ്ങൾ മുഖേനയുള്ള കാർഷിക വിജ്ഞാന വ്യാപനവും കൃഷി സംബന്ധമായ വാർത്താ പ്രചരണവും നടത്തിയിട്ടുള്ള വാർത്തകൾ



പരിഗണിച്ചാണ് പുരസ്കാരങ്ങൾ നൽകിയത്. യോഗത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ശ്രീ. ജി.ആർ. അനിൽ, ശ്രീ. ജി സ്റ്റീഫൻ എം എൽ എ, നെടുമങ്ങാട് നഗരസഭ അധ്യക്ഷ ശ്രീമതി. ശ്രീജ, കൃഷി പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ബി അശോക് ഐ എ എസ്, കൃഷി ഡയറക്ടർ ശ്രീ. ടി.വി. സുഭാഷ് ഐ എ എസ് എന്നിവർ പങ്കെടുത്തു.

# 2023 ഫെബ്രുവരി 19 മുതൽ 28 വരെ ആർ.എ.ആർ.എസ്, പിലിക്കോടിൽ നടക്കുന്ന 'സഫലം'

ആർ.എ.ആർ.എസ് ഫാം കാർണിവൽ 2023 –ന്റെ ഭാഗമായി, യുവതലമുറയെയും കുട്ടികളെയും കാർഷികമേഖലയിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ കാർണിവലിന്റെ ആദ്യ ടിക്കറ്റ് വിതരണവും സ്കൂൾ വിദ്യാർത്ഥികൾക്കായി ചിത്ര രചനാ മത്സരവും സംഘടിപ്പിച്ചു. ചിത്രരചനാ മത്സരത്തിൽ 56 സ്കൂളുകളിൽ നിന്നുള്ള 131 കുട്ടികൾ പങ്കെടുത്തു.

20.01.2023 ന് രാവിലെ 10 മണിക്ക് ഗവേഷണ കേന്ദ്രം മേധാവി പ്രൊഫ. ഡോ.വനജ.ടി –യുടെ അധ്യക്ഷതയിൽ നടന്ന പരിപാടിയിൽ, 'സഫലം – ആർ.എ.ആർ.എസ് ഫാം കാർണിവൽ 2023 –ന്റെ ആദ്യ ടിക്കറ്റ് വിതരണം നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.മാധവൻ മണിയറ ഉദ്ഘാടനം ചെയ്തു. പിലിക്കോട് പഞ്ചായത്തിലെ മികച്ച യുവകർഷകനായ ശ്രീ. മനോജ്.കെ ആദ്യ ടിക്കറ്റ് ഏറ്റുവാങ്ങി. സ്കൂൾ കുട്ടികൾക്കായുള്ള ചിത്ര രചനാ മത്സരം പിലിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുമാരി.പ്രസന്ന കുമാരി. പി.പി ഉദ്ഘാടനം ചെയ്തു. മത്സരത്തിൽ 56 സ്കൂളുകളിൽ നിന്നുള്ള 131 കുട്ടികൾ പങ്കെടുത്തു. ശ്രീ.ലത്തീഫ് നീലഗിരി, പ്രൊഫ.ഡോ.സജിതാറാണി, ശ്രീ. രതീഷ്.പി.കെ, ഡോ.നിഷ ലക്ഷ്മി.വി, ശ്രീ.അജിത് കുമാർ.പി എന്നിവർ സംസാരിച്ചു.





# വെള്ളാനിക്കര ഗ്രീൻ സ്ക്രീൻ സ്റ്റുഡിയോ ഉദ്ഘാടനം

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഇ–പഠന കേന്ദ്രത്തിൽ പുതിയതായി ആരംഭിച്ച ഗ്രീൻ സ്ക്രീൻ സ്റ്റുഡിയോയുടെ ഉദ്ഘാടനവും ICAR-NAHEP ൽ നിന്ന് ലഭിച്ച Augmented Reality/Virtual Reality (AR/VR) കിറ്റുകളുടെ പ്രദർശന ഉദ്ഘാടനവും 19.01.2023 തിയ്യതിയിൽ IT-BT complex ൽ വെച്ച് നടത്തിയ ചടങ്ങിൽ കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാർ ഡോ. എ സക്കീർ ഹുസൈൻ നിർവഹിച്ചു. കാർഷിക സർവ്വകലാശാല ഡയറക്ടർ ഓഫ് റിസർച്ച് ഡോ. മധു സുബ്രഹ്മണ്യൻ ക്യാമറയുടെയും ടെലിപ്രോംപ്റ്ററിന്റെയും സ്വിച്ച് ഓൺ കർമ്മം നിർവഹിച്ചു. വെള്ളാനിക്കര



കാർഷിക കോളേജ് ഡീൻ ഡോ. മണി ചെല്ലപ്പൻറെ ആദ്യ വീഡിയോ ഷോട്ട് പകർത്തുകയും ചെയ്തു. വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ കാർഷിക പഠന മേഖലയിൽ ഉപയോഗപ്പെടുത്താവുന്ന രീതിയിലാണ് അത്യാധുനിക സൌകര്യത്തോടെ നിർമ്മിച്ച സ്റ്റുഡിയോ ഒരുക്കിയിട്ടുള്ളത്. ദൃശ്യാവിഷ്കാരത്തിലൂടെ പഠനം സഹായകരമാവുന്ന രീതിയിലേക്ക് വിദ്യാഭ്യാസ മേഖലയെ ഉയർത്തി കൊണ്ടുവരാൻ ഇത്തരം സംവിധാനത്തിലൂടെ സാധ്യമാവുന്നു. ICAR-NAHEP-RAES ന്റെ ധനസഹായത്തിലൂടെ സ്ഥാപിച്ച AR/VR എക്സ്പീരിയൻസ് സെന്ററിന് ലഭിച്ച 12 AR/VR മൊഡ്യൂളുകളുടെ പ്രദർശനവും നടത്തുകയുണ്ടായി. സാങ്കേതിക വിദ്യയിലൂടെ വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ട് വരാനും പഠന വിഷയം വളരെ ആഴത്തിൽ അനായാസമായി മനസ്സിലാക്കുന്നതിനും AR/VR കിറ്റ് സഹായകമാവുന്നു. കേരള കാർഷിക സർവ്വകലാശാല ഡയറക്ടർ ഓഫ് എഡ്യുക്കേഷൻ ഡോ. ഗോപകുമാർ എസ് അധ്യക്ഷത വഹിച്ച യോഗത്തിൽ ഇ-പഠന കേന്ദ്രം ഡയറക്ടർ ഡോ. ബി അജിത്കുമാർ സ്വാഗതം പറഞ്ഞു.

ഡയറക്ടർ ഓഫ് പ്ലാനിംഗ് ഡോ. ബെറിൻ പത്രോസ്, പരീക്ഷ കൺട്രോളർ ഡോ. ഡിജി ബാസ്റ്റിൻ, വനശാസ്ത്ര കോളേജ് ഡീൻ ഡോ കുഞ്ഞാമു ടി കെ, വെള്ളാനിക്കര കാർഷിക കോളേജ് ഡീൻ ഡോ. മണി ചെല്ലപ്പൻ, വെള്ളാനിക്കര കോ-ഓപ്പറേഷൻ ബാങ്കിംഗ് ആന്റ് മാനേജ്മെന്റ് കോളേജ് ഡീൻ ഡോ. കെ എൻ ഉഷാദേവി, ഡയറക്ടർ ഓഫ് സീഡ്സ് ആൻഡ് പ്ലാന്റിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ ഡോ. അനിത എസ്, മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രം മേധാവി ഡോ. എ ലത, പ്ലാന്റ് ബയോടെക്നോളജി വിഭാഗം മേധാവി ഡോ. ആബിദ പി എസ് എന്നിവർ ആശംസകൾ നേർന്നു. സർവകലാശാല പബ്ലിക് റിലേഷൻസ് ഓഫീസർ ഡോ. ഷാജി എം, അസോസിയേറ്റ് ഡയറക്ടർ ഓഫ് എഡ്യുക്കേഷൻ(യു.ജി) ഡോ. കെ സുരേന്ദ്ര ഗോപാൽ, അസോസിയേറ്റ് ഡയറക്ടർ ഓഫ് എഡ്യുക്കേഷൻ (പി.ജി.) ഡോ. സീജ തോമാച്ചൻ പഞ്ഞിക്കാരൻ, പ്രൊഫസർ അക്കാദമിക് ഡോ. ഷാരോൺ സി എൽ എന്നിവർ സന്നിഹിതരായിരുന്നു. ഇ-പഠന കേന്ദ്രം കോർഡിനേറ്റർ ശ്രീമതി. സ്വപ്ന ടി. ആർ നന്ദി പ്രകാശിപ്പിച്ചു.

# നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കണം : ബഹു. കൃഷി മന്ത്രി

കേ നാളികേരത്തിൻ്റെ വിവിധങ്ങളായ മൂല്യവർദ്ധിത ഉൽപന്നങ്ങൾ വിപണിയിൽ എത്തിച്ച് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കണമെന്ന ബഹു. കൃഷിമന്ത്രി ശ്രീ. പി.പ്രസാദ് പറഞ്ഞു. താമരക്കുളം ഗ്രാമപഞ്ചായത്തിന് അനുവദിച്ച കേരഗ്രാമം പദ്ധതി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

നാളികേര കൃഷിയുടെ പ്രാധാന്യവും ഉൽപ്പാദനക്ഷമതയും വർധിപ്പിച്ച് കേരകർഷകരുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി കൊണ്ട് സംസ്ഥാന സർക്കാർ കേരഗ്രാമം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

നാളികേര കൃഷി വ്യാപിപ്പിക്കുന്നതിനും , നിലവിലുള്ള തെങ്ങുകളെ സംരക്ഷിക്കുവാനും, തേങ്ങയിൽ നിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ച് വിപണനം നടത്തി കർഷകരുടെ വരുമാനംവർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

കേരഗ്രാമം പദ്ധതിയുടെ മൂന്ന് വർഷ കാലാവധി കഴിഞ്ഞാലും കർഷകന് ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് ഒരു തുടർച്ച ഉണ്ടാകണം. അതിന് LSGD പദ്ധതികൾ ഉപയോഗപ്പെടുത്തണം. താമരക്കുളത്തിൻ്റെ സ്വന്തം ബ്രാൻഡിൽ വെളിച്ചെണ്ണയുൾപ്പെടെയുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുവാൻ ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾ ഈ വർഷം തന്നെ സംഘടിപ്പിക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു. മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിറ്റഴിഞ്ഞുകിട്ടുന്ന ലാഭത്തിൻ്റെ ഒരംശം



കർഷകന് തിരികെ നൽകണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

മാവേലിക്കര എംഎൽഎ ശ്രീ. എം. എസ് അരുൺകുമാർ അദ്ധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീ. സിബി റ്റി നീണ്ടിശ്ശേരി പദ്ധതി വിശദീകരണം നടത്തി. പഞ്ചായത്തിലെ മുതിർന്ന കേര കർഷകനായ ശ്രീ. കെ.ആർ രാമചന്ദ്രനെയും, കർഷക തൊഴിലാളിയായ ശ്രീ. ദാമോദരൻ മാവുള്ളതിലിനെയും മന്ത്രി ചടങ്ങിൽ ആദരിച്ചു. പദ്ധതി പ്രകാരമുള്ള കാർഷികോപകരണങ്ങളുടെ വിതരണം എം.എൽ എ നിർവ്വഹിച്ചു. താമരക്കുളം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജി.വേണു സ്വാഗതം പറഞ്ഞു. കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. കുസുമം തോമസ്, ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി. എസ് രജനി, ഓണാട്ടുകര വികസന ഏജൻസി വൈസ് ചെയർമാൻ ശ്രീ. എൻ. രവീന്ദ്രൻ, കൃഷിഅസിസ്റ്റൻറ് ഡയറക്ടർ ശ്രീമതി. രജനി പി, കൃഷി ഓഫീസർ ശ്രീമതി. ദിവ്യശ്രീ,



കേരഗ്രാമം പ്രസിഡന്റ് വി.ശിവൻപിള്ള സെക്രട്ടറി ശ്രീ. വി.തുളസീധരൻ, ത്രിതല പഞ്ചായത്ത് ഭാരവാഹികൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

ഭാരതീയ പ്രകൃതി കൃഷി പദ്ധതിയുടെ ഭാഗമായി വിവിധ സർക്കാർ ഏജൻസികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബ്ലോക്കുതല കാർഷിക മേള ഇതിനോടനുബന്ധിച്ച് സംഘടിപ്പിക്കുകയുണ്ടായി.

തെങ്ങു കൃഷിയെ ആസ്പദമാക്കിയ കാർഷിക സെമിനാർ കായംകുളം സി.പി.സി.ആർ.ഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. എ ജോസഫ് രാജ് നേതൃത്വം നൽകി.

# ഏകദിന ആട് വളർത്തൽ പരിശീലനം സംഘടിപ്പിച്ചു

ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെയും താനാളൂർ മൃഗാശുപത്രിയുടേയും ആഭിമുഖ്യത്തിൽ താനാളൂർ മൃഗാശുപത്രി ഹാളിൽ വെച്ച് 2023 ജനവരി 23 ന് ഏകദിന ആട്ടവളർത്തൽ പരിശീലനം സംഘടിപ്പിച്ചു.പരിശീലനം താനാളൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.മല്ലിക ടീച്ചർ ഉദ്ഘാടനം ചെയ്തു. വികസന സ്റ്റാന്റിംഗ് കമ്മറ്റി






ചെയർപേഴ്സൺ ശ്രീമതി.അമീറ അദ്ധ്യക്ഷത വഹിച്ചു.വാർഡ് മെമ്പർ ശ്രീ.കുഞ്ഞിപ്പ തെയ്യമ്പാടി പരിശീലനത്തിന് ആശംസകൾ നേർന്നു.താനാളൂർ വെറ്ററിനറി സർജൻ ഡോ.ലുക്മാൻ കാമ്പുറത്ത് സ്വാഗതവും ശ്രീ.പി.ജയൻ നന്ദിയും പറഞ്ഞു.പഞ്ചായത്തിലെ എഴുപതോളം കർഷകർ പരിശീലനത്തിന് പങ്കെടുത്തു.

# കാർഷിക വൈവിദ്ധ്യങ്ങളുടെ നേർക്കാഴ്ചയൊരുക്കി

# കൃഷിദർശൻ കാർഷിക പ്രദർശനം



കൃഷിവകുപ്പ് മന്ത്രി നയിച്ച പ്രാദേശിക കാർഷിക വിലയിരുത്തൽ യജ്ഞമായ കൃഷിദർശൻ പരിപാടിയോട് അനുബന്ധിച്ച് നെടുമങ്ങാട് കല്ലിങ്കൽ ജംഗ്ഷന് സമീപം സംഘടിപ്പിച്ചിട്ടുള്ള കാർഷിക പ്രദർശനം കാണുവാൻ ജനത്തിരക്ക്. കാർഷിക പ്രദർശനത്തിന്റെ ഭാഗമായി 50 ലധികം സ്റ്റാളുകൾ പ്രദർശന നഗരിയിൽ സജ്ജമാക്കിയിട്ടുണ്ടായിരുന്നു. പഴയ കാലത്തെ കാർഷിക- ഗാർഹിക, ഉപകരണങ്ങളുടെ പ്രദർശനം ജനങ്ങളിൽ കൗതുകം ജനിപ്പിക്കുന്നതായിരുന്നു. കർഷകർക്ക് സൗജന്യമായി കർഷക രജിസ്ട്രേഷനുകൾ ചെയ്യുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ടായിരുന്നു.

പ്രദർശന നഗരിയിൽ 20 ഓളം വാഴയിനങ്ങൾ പരിചയപ്പെടാൻ തയ്യാറാക്കിയിരുന്നു. ജില്ലാ കൃഷിത്തോട്ടം പെരിങ്ങമ്മല, കോക്കനട്ട് നഴ്സറി കഴക്കൂട്ടം, സ്റ്റേറ്റ് സീഡ് ഫാം ഉള്ളൂർ എന്നിവരുടെ സ്റ്റാളുകളിൽ നിന്നും കൃഷിവകുപ്പ് ഉത്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ഫലവൃക്ഷതൈകൾ ജനങ്ങൾക്ക് വാങ്ങാൻ കഴിയും. 4 ഇനം പ്ലാവുകൾ, മാവുകൾ, ആപ്പിൾ ജാമ്പ, അഗസ്ത്തി മുരിങ്ങ, പേര, കശുമാവ് തുടങ്ങിയ തൈകൾ, പച്ചക്കറി വിത്തുകളും തൈകളും, മണ്ണിര കമ്പോസ്റ്റ് തുടങ്ങിയവ കുറഞ്ഞ വിലയിൽ ജനങ്ങൾക്ക് ഈ സ്റ്റാളിൽ ലഭ്യമാണ്. കഴക്കൂട്ടം ബി എം എഫ് സി യുടെ സ്റ്റാളിൽ നിന്നും വിവിധയിനം ടിഷ്യൂകൾച്ചർ വാഴതൈകൾ, ഓർക്കിഡ് തൈകൾ, എന്നിവയും വാങ്ങാനുള്ള അവസരം ഉണ്ടായി.

കാർഷിക ഉപകരണങ്ങൾ വിൽക്കുന്ന കാംകോയുടെ സ്റ്റാളിൽ വിവിധയിനം കാർഷിക ഉപകരണങ്ങൾ സബ്സിഡിയോടെ വാങ്ങുന്നതിനുള്ള സൗകര്യവും ഉണ്ട്. പവർ ടില്ലർ, മൈക്രോ വീഡർ, പവർ റീപ്പർ, പാഡി വീഡർ, 2 HP വരെയുള്ള പമ്പ് സെറ്റുകൾ തുടങ്ങിയ ഉപകരണങ്ങൾ വ്യക്തികൾക്ക് 50% വരെ സബ്സിഡിയിലും കർഷക സംഘങ്ങൾക്ക് 80% വരെ സബ്സിഡിയിലും ഈ സ്റ്റാളിലൂടെ സ്വന്തമാക്കാം. കറന്റ് ഉപയോഗിച്ച പ്രവർത്തിക്കുന്ന ബ്രഷ് കട്ടറും 50 ശതമാനം സബ്സിഡിയിൽ ലഭ്യമാക്കി.

വെജിറ്റബിൾ ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ സ്റ്റാളിൽ നിന്നും കട്ട് വെജിറ്റബിൾസ്, വിത്തുകൾ എന്നിവയും വാങ്ങാൻ തയ്യാറായി. പ്രൈവറ്റ് നഴ്സറികളുടെ സ്റ്റാളുകളും പ്രദർശന നഗരിയിൽ ഒരുക്കിയിരുന്നു. ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി അഡ്വ. ജി ആർ അനിൽ ഉദ്ഘാടനം ചെയ്ത കാർഷിക പ്രദർശനം ജനുവരി 28 ന് സമാപിച്ചു.



# കൃഷി വകുപ്പ് ഉൽപ്പന്നങ്ങൾ ഇനി ഓൺലൈൻ പ്ലാറ്റ്ഫോമിലും: കൃഷി മന്ത്രി ശ്രീ. പി പ്രസാദ്

ആദ്യ ഘട്ടത്തിൽ 100 ഉത്പ്പന്നങ്ങൾ 'കേരൾ ആഗ്രോ' എന്ന ബ്രാൻഡിൽ വിപണിയിൽ. മൂല്യ വർദ്ധിത കാർഷിക ഉത്പന്നങ്ങൾ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ഇനി മുതൽ ആമസോൺ ഉൾപ്പെടെയുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ 'കേരൾ ആഗ്രോ' ബ്രാൻഡിൽ എത്തുമെന്ന് ബഹു. കൃഷി മന്ത്രി ശ്രീ. പി. പ്രസാദ് പറഞ്ഞു. കൃഷി വകുപ്പ് ഫാമുകൾ, ജൈവ ഉത്പാദന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ 100 ഉത്പന്നങ്ങളായിരിക്കും ഓൺലൈൻ വിപണിയിൽ ലഭ്യമാക്കുക. കാർഷികോൽപ്പന്നങ്ങളുടെ മൂല്യ വർദ്ധന ശൃംഖലയിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഇടപെടലുകളും സഹായവും ആവശ്യപ്പെട്ടുകൊണ്ട് നെടുമങ്ങാട് കൃഷിദർശൻ വേദിയിൽ നടത്തിയ സഹകരണസംഘം പ്രതിനിധികളുടെ യോഗത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ഭക്ഷ്യ- സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അഡ്വ. ജി ആർ അനിലിന്റെ അധ്യക്ഷതയിലായിരുന്നു പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളുമായുള്ള കൂടികാഴ്ച നടന്നത്.



കാർഷിക ഉത്പന്നങ്ങളുടെ വിപണനം കർഷകർ എപ്പോഴും അനുഭവിക്കുന്ന ഒരു പ്രതിസന്ധിയാണ്. ഇതിന് ശാശ്വതമായ ഒരു പരിഹാരം കാണുക എന്നതാണ് കൃഷി വകുപ്പ് ലക്ഷ്യമിടുന്നത്. പ്രാദേശിക കാർഷിക ഉൽപ്പന്നങ്ങളുടെ വിപണത്തിന് കർഷകന് വേണ്ട എല്ലാ സഹായങ്ങളും നൽകുക എന്ന ഉദ്ദേശത്തോടുകൂടി കേരള അഗ്രി ബിസിനസ് കമ്പനി (KABCO) ഉടനെ പ്രവർത്തനം ആരംഭിക്കും. കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തിനു അവയുടെ മൂല്യ വർദ്ധനവും പ്രാധാന്യമർഹിക്കുന്നു. ഇതിനായി മൂല്യ വർദ്ധന കൃഷി മിഷന് സർക്കാർ രൂപം നൽകിയിട്ടുണ്ട്. 11 വകുപ്പുകളുടെ ഏകോപനത്തിൽ ആയിരിക്കും മിഷന്റെ പ്രവർത്തനങ്ങൾ നടക്കുകയെന്നും മന്ത്രി സൂചിപ്പിച്ചു.

കാർഷികോല്പന്നങ്ങൾ സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള കുടിശിക മുഴുവനും ഉടനെ നൽകുമെന്ന് കൃഷിദർശൻ വേദിയിൽ മന്ത്രി പ്രഖ്യാപിച്ചു. കാർഷിക ഉത്പാദനത്തിന്റെ കാര്യത്തിൽ കൃത്യമായ ആസൂത്രണം വാർഡ് തലങ്ങളിൽ നിന്നും ഉണ്ടാകണം. അങ്ങനെ ആയാൽ ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്ന അവസ്ഥ ഉണ്ടാകില്ല. പലപ്പോഴും കെട്ടിക്കിടക്കുന്ന ഉൽപ്പന്നങ്ങൾ ഹോർട്ടിക്കോർപ്പ് സംഭരിക്കേണ്ട അവസ്ഥ ഉണ്ടായിട്ടുണ്ട്. ഒരുമിച്ച് സംഭരിക്കേണ്ടി വരുമ്പോൾ തുക നൽകുന്നതിനു സർക്കാരിന് കാലതാമസം ഉണ്ടായിട്ടുണ്ട്.

കാർഷികോൽപ്പന്നങ്ങളുടെ വിപണത്തിനും മൂല്യവർദ്ധനവിനും അനുയോജ്യമായ പദ്ധതികൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് ഏറ്റെടുക്കുവാൻ കഴിയും. കാർഷിക അടിസ്ഥാനസൗകര്യ നിധി (AIF) വഴി 1% പലിശ നിരക്കിൽ വായ്പയും ലഭ്യമാണ്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കീഴിൽ കർഷക ഗ്രൂപ്പുകൾക്ക് വേണ്ട പരിശീലനം, ഉൽപന്ന സംസ്കരണത്തിന് വേണ്ട സഹായം എന്നിവ കൂടുതൽ സുഗമമായി നടത്തുവാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു.

കർഷകന്റെ വരുമാനത്തിൽ വർധനവ് ഉണ്ടാകുവാൻ കാർഷിക ഉൽപ്പന്നങ്ങളെ മൂല്യവർദ്ധനവ് നടത്തി വിപണനം നടത്തുവാൻ ആവശ്യമായ നടപടികൾ കൃഷി വകുപ്പും സഹകരണ വകുപ്പും ആരംഭിച്ചുവെന്ന് അധ്യക്ഷ പ്രസംഗത്തിൽ ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി അഡ്വ. ജി ആർ അനിൽ പറഞ്ഞു. ശീതീകരണ സംവിധാനങ്ങൾ പോലുള്ള ഹൈടെക് സംഭരണ സംവിധാനങ്ങൾ സജ്ജമാക്കുന്നതിനു സഹകരണ സംഘങ്ങൾക്ക് സാധ്യമാകുമെന്നും, ഉൽപ്പന്നങ്ങളുടെ വിപണനത്തിന് ഇത് സഹായകരമായിരിക്കുമെന്നും മന്ത്രി പറഞ്ഞു.

കാർഷിക അടിസ്ഥാനസൗകര്യ നിധിയെ സംബന്ധിച്ച വിവരങ്ങൾ സംസ്ഥാന കോ-ഓർഡിനേറ്റർ സൗമിത്രി അവതരിപ്പിച്ചു. മൂല്യ വർധിത കൃഷിയും ഉൽപ്പന്നങ്ങളും- പ്രാഥമിക കാർഷിക ക്രെഡിറ്റ് സോസൈറ്റികളുടെ പങ്ക് എന്ന വിഷയം കൃഷി വകുപ്പ് അഡിഷണൽ സെക്രട്ടറി ശ്രീ. സാബിർ ഹുസൈൻ അവതരിപ്പിച്ചു.

യോഗത്തിൽ കൃഷി വകുപ്പ് ഡയറക്ടർ ശ്രീ. ടി.വി. സുഭാഷ് ഐ എ എസ് സ്വാഗതം ആശംസിച്ചു. മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി. ശ്രീജ, കൃഷി അഡിഷണൽ ഡയറക്ടർ ശ്രീമതി. രാജേശ്വരി എസ് ആർ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. കൃഷി അഡിഷണൽ ഡയറക്ടർ മാർക്കറ്റിങ് ശ്രീ. സുനിൽകുമാർ ആർ കൃതജ്ഞത രേഖപ്പെടുത്തി.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Padmam S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh